(സി) കോർപ്പറേഷന് ഇനിമുതൽപ്പെടുന്ന വാഹനക്ഷാമം പരിഹരിക്കുമായാൽ ഈ സർവ്വീസുകൾ ലാഭകരമായി നടത്താനുള്ള സാദ്ധ്യത ഉണ്ടെങ്കിൽ പുനരാരംഭിക്കുവാൻ ശ്രമിക്കുന്നതാണ്.

പരമ്പരാഗത വ്യവസായങ്ങളുടെ പുനഃസംഘടന

* 79 [84] ശ്രീ. കാനം രാജേന്ദ്രൻ:

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:

ശ്രീ. എം. കെ. കേശവൻ:

,, കെ.ടി. കുണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി, കൈത്തറി എന്നീ വ്യവസായങ്ങളുടെ പുനഃസംഘടനാപദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി ഏഴാം പദ്ധതിയിൽ എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പുനഃസംഘടനാപദ്ധതികൾ പൂർണ്ണമായി ഏഴാം പദ്ധതിക്കാലത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അതുമൂലം ഉണ്ടാകുന്ന തൊഴിലവസരങ്ങൾഎത്രയെന്ന് വ്യക്തമാക്കുമോ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ) ഈ വ്യവസായങ്ങളുടെ "പുനരുദ്ധാരണത്തിന്" എന്ന പേരിൽ 7-ാം പദ്ധതിയിൽ പ്രത്യേക സ്കീമുകളില്ല. എന്നാൽ കൈത്തറി വ്യവസായത്തിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കി ആകെ ഉണ്ടെന്ന് കണക്കാക്കിയിട്ടുള്ള 95000 തറികളിൽ 90 ശതമാനത്തേയും സഹകരണ അടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി ഏഴാം പദ്ധതിയിൽ 1060 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിരിക്കുന്നു.

കയർ വ്യവസായ മേഖലയിൽ ആകെ 4.3 ലക്ഷം തൊഴിലാളികളുണ്ടെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ഇവരുടെ ക്ഷേമം ലക്ഷ്യമാക്കി ഇതിൽ 75 ശതമാനം തൊഴിലാളികളേയും സഹകരണ അടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുന്നതിനായി 1000 ലക്ഷം രൂപ ഏഴാം പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

കശുവണ്ടി വ്യവസായത്തിന്റെ പുനരുദ്ധാരണത്തിനായി ഏഴാം പദ്ധതിയിൽ വ്യവസായ വിഭാഗത്തിൽ പ്രത്യേക പ്ലാൻ സ്കീമുകളൊന്നും ഉൾക്കൊള്ളിച്ചിട്ടില്ല. എന്നാൽ കശുവണ്ടിയുടെ ഉൽപ്പാദന വർദ്ധനവ് ലക്ഷ്യമാക്കി കാർഷികമേഖലയിൽ 160 ലക്ഷം രൂപയുടെ സ്കീമുകൾ ഏഴാം പദ്ധതിക്കാലത്ത് നടപ്പാക്കാൻ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ സ്കീമുകളെല്ലാം ഏഴാം പദ്ധതിക്കാലത്ത് നടപ്പാക്കാനുദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പുതിയതായി തൊഴിലവസരങ്ങളൊന്നും ഉണ്ടാകുന്നില്ല. കൈത്തറി മേഖലയിൽ നിലവിലുള്ളവരിൽ 20,000 തൊഴിലാളികളേയും, കയർ വ്യവസായത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന തൊഴിലാളികളിൽ ഏകദേശം 40,000 പേരേയും 7-ാം പദ്ധതിക്കാലത്ത് സഹകരണമേഖലയിൽ കൊണ്ടുവരാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കശുവണ്ടി സംഭരണം

* 80 [85] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടിയുടെ സംഭരണം സംബന്ധിച്ച് ഈ വർഷം ഗവൺമെന്റ് പൊതുവായ എന്തെങ്കിലും നയം സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കശുവണ്ടിക്ക് കുത്തകസംഭരണമോ തറവിലയോ നിശ്ചയിക്കാത്തതുമൂലം സ്വകാര്യ കച്ചവടക്കാർ കശുവണ്ടി കർഷകരെ ചൂഷണം ചെയ്തും സമ്മർദ്ദം ചെലുത്തിയും കുറഞ്ഞ വിലയ്ക്ക് കശുവണ്ടി വാങ്ങി തമിഴ്നാട്ടിലേക്കും കർണ്ണാടകയിലേക്കും കടത്തുകയാണെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 10-3-1986 വരെ കാപ്പക്സും കാഷ്യൂ കോർപ്പറേഷനും എത്ര കശുവണ്ടി സംഭരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ) 1983-ൽ ഗവൺമെന്റ് അംഗീകരിച്ച് നടപ്പാക്കിവരുന്ന നയം അനുസരിച്ചുള്ള നടപടികൾ തന്നെയാണ് തുടർന്ന് ഈ വർഷവും ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്.

(ബി) ഇതനുസരിച്ച് കശുവണ്ടിവികസന കോർപ്പറേഷനും സംസ്ഥാന കശുവണ്ടി തൊഴിലാളി വ്യവസായ സഹകരണ സംഘവും കമ്പോളത്തിൽ നിന്ന് നേരിട്ട് അവർക്ക് ആവശ്യമുള്ള തോട്ടണ്ടി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) കശുവണ്ടി അന്യ സംസ്ഥാനങ്ങളിലേക്ക് കടത്തിക്കൊണ്ടുപോകുന്നത് ഫലപ്രദമായി തടയുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) 10-3-1986 വരെ കാപ്പക്സും കശുവണ്ടി കോർപ്പറേഷനും സംഭരിച്ചിട്ടുള്ള കശുവണ്ടിയുടെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

LIBRARY ARCHIVES Kerala Legislative Assembly